**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - മണ്ണാർക്കാട് ബ്ലോക്ക് ഡെവലപ്‌മെന്റ് ഓഫീസിൽ ജോയിന്റ് ബ്ലോക്ക് ഡെവലപ്‌മെന്റ് ഓഫീസർ ആയി ജോലി നോക്കി വരവെ മരണമടഞ്ഞ ബാലചന്ദ്രൻ ഇ.-യുടെ മകൾ കുമാരി രശ്മി ബി.-യ്ക്ക് ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-II തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(കൈ) നം.156/2018/തസ്വഭവ** **തിരുവനന്തപുരം, തീയതി, 31.10.2018.**

---

പരാമർശം: 1) 24.05.1999-ലെ സ.ഉ.(പി) നം.12/99/ഉഭപവ.

2) കുമാരി രശ്മി ബി., ഏലംകുന്നിൽ വീട്, വട്ടമണ്ണപ്പുറം പി.ഒ., പാലക്കാട് - 678 601 സമർപ്പിച്ച 25.08.2016-ലെ അപേക്ഷ.

3) ഗ്രാമവികസന കമ്മീഷണറുടെ 09.02.2018-ലെ 276/എസ്റ്റാ.സി2/2017/സിആർഡി നമ്പർ കത്ത്.

4) പാലക്കാട് ജില്ലാ കളക്ടറുടെ 08.10.2018-ലെ ഡിസിപികെഡി/1985/2018-എ3 നമ്പർ കത്ത്.

**ഉത്തരവ്**

സർക്കാരിന്റെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് ബ്ലോക്ക് ഡെവലപ്‌മെന്റ് ഓഫീസിൽ ജോയിന്റ് ബ്ലോക്ക് ഡെവലപ്‌മെന്റ് ഓഫീസർ ആയി സേവനമനുഷ്ഠിച്ചു വരവെ 10.02.2016-ൽ മരണമടഞ്ഞ ബാലചന്ദ്രൻ ഇ.-യുടെ മകളായ കുമാരി രശ്മി ബി., ഏലംകുന്നിൽ വീട്, വട്ടമണ്ണപ്പുറം പി.ഒ., പാലക്കാട് - 678 601 സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പരേതനായ ബാലചന്ദ്രൻ ഇ.-യുടെ ജനന തീയതി 20.04.1962-ഉം, സർവ്വീസിൽ പ്രവേശിച്ച തീയതി 13.02.1987-ഉം ആണ്. ടിയാന് 28 വർഷം 11 മാസം 27 ദിവസം സേവനദൈർഘ്യം ഉണ്ടായിരുന്നു.

2) ഗ്രാമവികസന കമ്മീഷണറുടെ പരാമർശം (3)-ലെ കത്തു പ്രകാരം അപേക്ഷകയായ കുമാരി രശ്മി ബി.-യുടെ ജനന തീയതി 10.05.1994 ആണെന്നും ടിയാൾ എസ്.എസ്.എൽ.സി., പ്ലസ് ടു, ബി.കോം ബിരുദം എന്നിവ പാസ്സായിട്ടുണ്ട് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും, ആർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകയും, പാലക്കാട് ജില്ലാ കളക്ടറും വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിത എന്ന നിലയിൽ അപേക്ഷകയായ കുമാരി രശ്മി ബി.-യ്ക്ക് ജോലി നൽകുന്നതിന് പരേതന്റെ മറ്റ് അവകാശികൾ സമ്മതപത്രം ഒപ്പിട്ടു നൽകിയിട്ടുണ്ട്. അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 5,74,754/- (അഞ്ച് ലക്ഷത്തി എഴുപത്തിനാലായിരത്തി എഴുനൂറ്റി അമ്പത്തിനാല് രൂപ മാത്രം) രൂപയാണെന്ന് അലനല്ലൂർ-3 വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3) മേൽ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മണ്ണാർക്കാട് ബ്ലോക്ക് ഡെവലപ്‌മെന്റ് ഓഫീസിൽ ജോയിന്റ് ബ്ലോക്ക് ഡെവലപ്‌മെന്റ് ഓഫീസർ ആയി സേവനമനുഷ്ഠിച്ചു വരവെ മരണമടഞ്ഞ ബാലചന്ദ്രൻ ഇ.-യുടെ മകൾ കുമാരി രശ്മി ബി., ഏലംകുന്നിൽ വീട്, വട്ടമണ്ണപ്പുറം പി.ഒ., പാലക്കാട് - 678 601-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-II തസ്തികയിലേക്ക് 20000-45800 രൂപ ശമ്പള സ്കെയിലിൽ പാലക്കാട് ജില്ലയിൽ

നിലവിലുള്ളതോ/പുതിയതായി ഉണ്ടാകുന്നതോ ആയ ഒഴിവിലേയ്ക്ക് നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ നിയമനം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം നൽകുന്നതിന് നീക്കിവച്ചിട്ടുള്ള ഒഴിവിന്റെ ലഭ്യതയ്ക്കും, പരാമർശം (1)-ലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കും വിധേയമായിരിക്കും.

4) അപേക്ഷകയ്ക്ക് ഒഴിവിന്റെ ലഭ്യതയനുസരിച്ച് എത്രയും വേഗം ഗ്രാമവികസന കമ്മീഷണർ നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാളെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതും ചട്ടപ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതും നിയമന ഉത്തരവിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്. അപേക്ഷക വസ്തുതകൾ മറച്ചുവച്ച് തെറ്റായ വിവരങ്ങൾ നൽകിയിരുന്നു എന്ന് വെളിവാകുന്ന പക്ഷം നിയമനത്തിന് അനുമതി നൽകിക്കൊണ്ടുള്ള ഈ ഉത്തരവ് റദ്ദാക്കുന്നതായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**കെ.ഗോപാലകൃഷ്ണ ഭട്ട്**

**സ്പെഷ്യൽ സെക്രട്ടറി**

കുമാരി രശ്മി ബി., ഏലംകുന്നിൽ വീട്, വട്ടമണ്ണപ്പുറം പി.ഒ., പാലക്കാട് - 678 601 (രജിസ്റ്റേർഡ് പോസ്റ്റ്)

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.

ജില്ലാ കളക്ടർ, പാലക്കാട്

ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, മണ്ണാർക്കാട്, പാലക്കാട്.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ